

# സഹകരണത്തിന്റെ പുതിയ സമവാക്യങ്ങൾ തേടി തുർക്കി

## ഉർദുഗാനുമായി ഫഹ്മീ ഹുവൈദി നടത്തിയ അഭിമുഖം

"ഗസ്സയുടെ കാര്യത്തിൽ നമുക്ക് നിശ്ശബ്ദരാവാൻ കഴിയില്ല. എന്റെ അമേരിക്കൻ സന്ദർശന അജണ്ടയിൽ ഗസ്സയുമുൾപ്പെടും"-വാഷിംഗ്ടണിലേക്ക് പുറപ്പെടുന്നതിനു തൊട്ടു മുമ്പ് ഉർദുഗാൻ പറഞ്ഞു.

ഇത് ഉർദുഗാനുമായുള്ള എന്റെ രണ്ടാമത്തെ കൂടിക്കാഴ്ചയാണ്. 1994-ലായിരുന്നു ആദ്യം കണ്ടത്. റഫാഹ് പാർട്ടിയുടെ ബാനറിൽ ഇസ്തംബൂൾ കോർപറേഷൻ മേയറായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട ഉടനെയായിരുന്നു അത്. ഇസ്തംബൂൾ നഗരത്തിന്റെ പ്രശ്നങ്ങളാണ് ആ അഭിമുഖത്തിൽ മുഴച്ചുനിന്നത്. ആ ചരിത്ര നഗര

ത്തിന്റെ ഭരണരംഗം അടിമുടി കുത്തഴിഞ്ഞു കിടക്കുകയായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട മേയർ എന്ന നിലക്കു മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ സംസാരം. നഗരത്തോടുള്ള അങ്ങേയറ്റത്തെ അനുരാഗം ആ വാക്കുകളിൽ തുടിച്ചുനിന്നു. തന്റെ ബാല്യത്തിൽ പഠനച്ചെലവിന് വക കണ്ടെത്താൻ ഇസ്തംബൂൾ നിരത്തുകളിൽ തണ്ണീർമത്തനും ശീതളപാനീയങ്ങളും വിറ്റുനടന്ന ഓർമ അദ്ദേഹത്തിനുണ്ട്. കുടുംബപ്രാരാബ്ധം കൊണ്ട് നിസ്സഹായനായ പിതാവിന്റെ വിളറിയ മുഖത്തേക്ക് നോക്കി നെടുവീർപ്പിട്ടിരുന്ന നാളുകൾ! തീരദേശ സംരക്ഷണസേനയിലെ സാധാരണ പട്ടാളക്കാരനായിരുന്നു ജോർജിയൻ വേരുകളുള്ള പിതാവ്. ഉസ്മാനിയ സാമ്രാജ്യം അസ്തമയത്തോടടുത്ത നാളുകളിൽ (1916) ഇരച്ചുവന്ന റഷ്യൻ-അർമീനിയൻ കടന്നാക്രമണത്തെ പ്രതിരോധിക്കുന്നതിനിടയിൽ പിതാമഹൻ കൊല്ലപ്പെട്ടതിനെത്തുടർന്ന് കാസ്പിയൻ കടലിന്റെ തീരങ്ങളിൽനിന്ന് പിതാവ് കുറ്റിയും പറിച്ച് ഇസ്തംബൂളിലേക്ക് പോരുകയായിരുന്നു. കുടുംബനാമത്തിന് ഈ പശ്ചാത്തലവുമായി ബന്ധമുണ്ടോ എന്നെനിക്കറിയില്ല. പക്ഷേ 'ഉർദുഗാൻ' എന്നാൽ 'ധീരയുവാവ്' എന്നാണർഥമെന്ന് അറിയാം.

പ്രയാസങ്ങൾക്കിടയിലും പഠനം പൂർത്തീകരിക്കാൻ ഉർദുഗാന് കഴിഞ്ഞു. ഇമാം -ഖത്വീബ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. മതനിഷ്ഠയുള്ള കുടുംബങ്ങളിലെ മക്കൾ ചേർന്നിരുന്നത് ഇത്തരം കലാലയങ്ങളിലായിരുന്നു. ഇപ്പോൾ മർമറ യൂനിവേഴ്സിറ്റി എന്നറിയപ്പെടുന്ന ഉന്നത കലാലയത്തിലായിരുന്നു ഉപരിപഠനം. അവിടെനിന്ന് സാമ്പത്തിക ശാസ്ത്രത്തിലും ബിസിനസ് അഡ്മിനിസ്ട്രേഷനിലും ബിരുദം നേടി. കാൽപ്പന്തുകളിയിലെ മിന്നുന്ന താരമായിരിക്കെ കളിക്കളത്തോട് വിടപറഞ്ഞ് രാഷ്ട്രീയത്തിലിറങ്ങി. തന്റെ പ്രിയ ഗുരുവര്യൻ നജ്മുദ്ദീൻ അർബകാൻ സ്ഥാപിച്ച റഫാഹ് എന്ന ഇസ്‌ലാമിക് വെൽഫെയർ പാർട്ടിയുടെ സജീവ പ്രവർത്തകനായി. തെരഞ്ഞെടുപ്പിൽ വിജയിച്ചതിനെത്തുടർന്ന് ഇസ്തംബൂൾ കോർപറേഷൻ മേയറായി അവരോധിക്കപ്പെട്ടു. 1998-ൽ ജയിൽവാസം. സെക്യുലരിസത്തെ അവഹേളിച്ചുവെന്നായിരുന്നു കുറ്റപത്രം. ആറു മാസത്തിനു ശേഷം മോചിതനായി.

രണ്ട് അഭിമുഖങ്ങൾക്കിടയിൽ നീണ്ട പതിനഞ്ചു വർഷം. അന്നത്തെ റഫാഹ് പാർട്ടിയുടെ സജീവ പ്രവർത്തകൻ ഇന്നത്തെ ജസ്റ്റിസ്& ഡവലപ്മെന്റ് പാർട്ടിയുടെ നേതാവാണ്. അന്നത്തെ ഇസ്തംബൂൾ മേയർ ഇന്ന് തുർക്കിയുടെ പ്രധാനമന്ത്രിയാണ്. അഥവാ 'രണ്ടാം തുർക്കി റിപ്പബ്ലിക്കി'ന്റെ പാഷബകാൻ. പാഷ എന്നാൽ തലവൻ, ബകാൻ എന്നാൽ മന്ത്രി. ചേർത്തുപറഞ്ഞാൽ പ്രധാനമന്ത്രി.

ഞങ്ങളുടെ ആദ്യ കൂടിക്കാഴ്ച ഞാനദ്ദേഹത്തെ ഓർമിപ്പിച്ചു. അദ്ദേഹം പുഞ്ചിരിച്ചു. 55-കാരനായ പ്രധാനമന്ത്രിക്കു ചേരുന്ന പുഞ്ചിരി. ഉടനെ അറബിയിൽ അഭിവാദ്യം ചെയ്തു: 'അഹ്‌ലൻ വ സഹ്‌ലൻ!'

ഉർദുഗാന്റെ ഉപദേഷ്ടാക്കളും വിദേശകാര്യ വിദഗ്ധരും ദിവസങ്ങളായി അദ്ദേഹത്തിന്റെ വാഷിംഗ്ടൺ സന്ദർശനത്തിനുള്ള ഒരുക്കങ്ങളിൽ വ്യാപൃതരാണെന്ന് എനിക്കറിയാം. സന്ദർശനോദ്ദേശ്യവും ഈയിടെ അദ്ദേഹം നടത്തിയ ഇറാൻ-പാകിസ്താൻ യാത്രക്ക് അതുമായുള്ള ബന്ധവും ആരാഞ്ഞപ്പോൾ അദ്ദേഹം: ഇന്നത്തെ തുർക്കിക്ക് അതിന്റെ ആഭ്യന്തര കാര്യങ്ങളിലും യു.എസുമായുള്ള ഉഭയകക്ഷി ബന്ധങ്ങളിലും മാത്രമല്ല ശ്രദ്ധ. മറിച്ച് അതിന് ആദർശബന്ധമുള്ള തന്ത്രപ്രധാനമായ അയൽ മേഖലയുടെ കാര്യങ്ങളിലും അതിടപെടുന്നു. ഈ കെട്ടുപാട് അന്തർദേശീയ-മേഖലാതലങ്ങളിലുള്ള നിരവധി പ്രശ്നങ്ങളിൽ തുർക്കിയെ സജീവ സാന്നിധ്യമാക്കിയിരി

ക്കുന്നു. മധ്യ പൗരസ്ത്യ ദേശത്ത് തുർക്കിയുണ്ട്. അഫ്ഗാനിസ്താനിലെ അന്താരാഷ്ട്ര സേനയുടെ സാരഥ്യം തുർക്കിക്കാണ്. ഇറാനുമായി ബന്ധപ്പെട്ട വിവാദങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ ഞങ്ങൾക്കാവില്ല. അസർബൈജാൻ-അർമീനിയ ബന്ധം ശക്തിപ്പെടുത്താനും നാഗോർണോ കാരാബാക് പ്രവിശ്യയുടെ കാര്യത്തിൽ ഇരു രാജ്യങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കാനും ഞങ്ങൾക്ക് താൽപര്യമുണ്ട്. ഏതാനും വർഷം മുമ്പ് അർമീനിയൻ സേന അസർബൈജാനകത്തുള്ള പ്രസ്തുത പ്രദേശം പിടിച്ചെടുക്കുകയായിരുന്നു. സൈപ്രസിലെ സ്ഥിതിഗതികളും ഞങ്ങൾക്കു പ്രധാനമാണ്. തുർക്കിയുടെ അധീനത്തിലുള്ള സൈപ്രസ് മാത്രമല്ല വിഷയം; ഗ്രീസുമായുള്ള ഞങ്ങളുടെ ബന്ധത്തിനും തുല്യ പരിഗണനയുണ്ട്. സർവോപരി യൂറോപ്യൻ യൂനിയനുമായുള്ള രാജ്യത്തിന്റെ ബന്ധവും ഞങ്ങളുടെ അജണ്ടയിലെ മുഖ്യ വിഷയമാണ്.

● "ഇപ്പറഞ്ഞതെല്ലാം സുപ്രധാനം തന്നെ. എങ്കിലും മിഡിലീസ്റ്റ് കുറച്ചുകൂടി വിശകലനമർഹിക്കുന്നില്ലേ? വിശിഷ്യ ഫലസ്ത്വീൻ-ഇസ്രയേൽ-ഇറാൻ വിഷയങ്ങൾ?"- ഞാൻ ചോദിച്ചു.

ഉർദുഗാൻ അനുകൂലമായി തലയാട്ടി. എന്നിട്ട് പറഞ്ഞു: ഫലസ്ത്വീൻ വിഷയത്തിൽ എന്നെ ഏറ്റവുമധികം ദുഃഖിപ്പിക്കുന്നത് ഗസ്സയിലെ സ്ഥിതിയാണ്. ഒരു വലിയ തുറന്ന ജയിലാണത്. എല്ലാവരും നിസ്സംഗരും കാഴ്ചക്കാരുമായി നിൽക്കുന്നു. മേഖലയിലെ രാജ്യങ്ങൾ മാത്രമല്ല മനുഷ്യാവകാശങ്ങളെ മാനിക്കുന്ന സംസ്കൃതലോകം നിശ്ശബ്ദത ഭേദിക്കേണ്ട വിഷയമാണത്. ഗസ്സക്കെതിരെ നടന്ന കൈയേറ്റം എല്ലാ അർഥത്തിലും മനുഷ്യത്വത്തിനെതിരെയുള്ള കൈയേറ്റമായിരുന്നു. നിരായുധരായ സിവിലിയന്മാർക്കു നേരെ ഇസ്രയേൽ സേന വൈറ്റ് ഫോസ്ഫറസ് വരെ ഉപയോഗിക്കുകയുണ്ടായി. 1500 പേരുടെ മരണത്തിലും അയ്യായിരം പേരുടെ ഗുരുതര പരിക്കിലും ഗസ്സയുടെ സമ്പൂർണ നാശത്തിലും കലാശിച്ച ഇസ്രയേൽ കടന്നാക്രമണത്തിനു ശേഷം നടന്ന ശറമുശൈഖ് ഉച്ചകോടിയിൽ പ്രദേശത്തിന്റെ പുനർനിർമാണത്തിന് തീരുമാനമായിരുന്നു. ദശലക്ഷക്കണക്കിന് ഡോളർ അതിനായി വകയിരുത്തി. പക്ഷേ തീരുമാനം നടപ്പായില്ല. ഗസ്സയുടെ ദയനീയസ്ഥിതി മാറ്റമില്ലാതെ തുടരുന്നു. പഴുതടച്ചുകൊണ്ടുള്ള ഉപരോധമാണവിടെ. ജനങ്ങൾക്ക് അടിസ്ഥാനാവശ്യങ്ങൾ പോലും ലഭിക്കുന്നില്ല. ബലിപെരുന്നാളാഘോഷത്തിനാവശ്യമായ ആടുകളെപോലും തദ്ദേശീയർ ഭൂഗർഭ പാതകളിലൂടെ കട്ടുകടത്തുകയായിരുന്നുവെന്ന് ഞാൻ കേട്ടു. മനുഷ്യത്വരഹിതവും നിർഭാഗ്യകരവുമായ ഈ സ്ഥിതിവിശേഷം പ്രത്യേക പരിഗണനയർഹിക്കുന്നു. അതെന്റെ വാഷിംഗ്ടൺ സന്ദർശനത്തിന്റെ അജണ്ടയിൽ ഉൾപ്പെടുക എത്രയും സ്വാഭാവികം.

ഈ സന്ദർഭത്തിൽ ഞങ്ങൾ പ്രത്യേകം ഊന്നുന്ന മറ്റു രണ്ടു കാര്യങ്ങൾ കൂടിയുണ്ട്. ഫലസ്ത്വീൻ പ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം ഇസ്രയേൽ നിർത്തുകയാണ് ഒന്നാമത്തേത്. സമാധാന സംഭാഷണം പുനരാരംഭിക്കാനുള്ള അടിസ്ഥാന ഉപാധിയാണത്. രണ്ടാമത്തേത്, ഇസ്രയേൽ-സിറിയ സംഭാഷണത്തിനുള്ള ഞങ്ങളുടെ മാധ്യസ്ഥ്യമാണ്. ഇരു രാജ്യങ്ങൾക്കുമിടയിൽ ഇതുവരെ അഞ്ച് റൗണ്ട് സംഭാഷണങ്ങൾ നടക്കുകയുണ്ടായി.

● "ഇസ്രയേൽ പ്രധാനമന്ത്രി ബിൻയാമിൻ നെതന്യാഹു തുർക്കി മാധ്യസ്ഥ്യത്തിൽ നീരസം പ്രകടിപ്പിക്കുകയും ഫ്രാൻസാണ് അതിന് കൂടുതൽ ഉചിതമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ടല്ലോ?"- ഞാൻ ഇടക്കു കയറി പറഞ്ഞു.

“ഞങ്ങൾ ഇരുകക്ഷികളുടെയും താല്പര്യപ്രകാരമാണ് തുനിഞ്ഞിറങ്ങിയത്. ആ താൽപര്യം അവർക്ക് ഇനിയുമുണ്ടെങ്കിൽ ഞങ്ങൾ റെഡി. ഇല്ലെങ്കിൽ ഇല്ല.”- അദ്ദേഹം പറഞ്ഞു.

● ഞങ്ങളുടെ സംസാരം ഇസ്രയേൽ-തുർക്കി ബന്ധത്തിലേക്ക് നീണ്ടു. ബന്ധത്തിന്റെ ഇപ്പോഴത്തെ അവസ്ഥ, 'അനാട്ടോലിയ ഈഗിൾ' എന്ന വാർഷിക സംയുക്ത സൈനികാഭ്യാസത്തിൽനിന്ന് ഇസ്രയേലിനെ ഒഴിച്ചുനിർത്താനുള്ള തുർക്കി തീരുമാനം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഞാൻ അന്വേഷിച്ചു.

ഉർദുഗാൻ പറഞ്ഞു: ഇസ്രയേൽ ഗസ്സയെ ക്രൂരമായി കടന്നാക്രമിക്കുക; ഗസ്സാനിവാസികളെ മുഴുവൻ പിച്ചിച്ചീന്തുക; എന്നിട്ട് ഞങ്ങൾ ഇസ്രയേൽ സൈന്യത്തോടു പറയുക: 'വരൂ, ഇവിടെ ഞങ്ങളുടെ നാട്ടിൽ അഭ്യാസ പ്രകടനങ്ങൾ നടത്തിക്കോളൂ'- ബുദ്ധിയുള്ളവർക്ക് ഉൾക്കൊള്ളാനാവുമോ ആ നടപടി.

ജനാധിപത്യ മാർഗേണ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റാണ് ഞങ്ങളുടേത്. ജനേഛയാണ് ഞങ്ങളെ അധികാരത്തിലേറ്റിയത്. ഗസ്സക്കെതിരെ നടന്ന കൈയേറ്റം കണ്ട് തരിച്ചുനിൽക്കുന്ന തുർക്കി ജനതയുടെ വികാരങ്ങളെ വെല്ലുവിളിക്കാൻ ഞങ്ങൾക്കാവില്ല. ആ വികാരങ്ങളാണ് ഞങ്ങളുടെ തീരുമാനത്തിൽ പ്രതിഫലിച്ചത്. ഞങ്ങളും ഇസ്രയേലും തമ്മിലുള്ള ബന്ധം ഏതവസ്ഥയിലും ഒരു മൂന്നാം കക്ഷിക്കെതിരെയുള്ള കൈയേറ്റത്തിന് ന്യായമായിക്കൂടെന്ന സന്ദേശം കൂടിയാണ് ഞങ്ങൾ പ്രസ്തുത തീരുമാനത്തിലൂടെ നൽകിയത്. അത്തരമൊരവസ്ഥയിൽ നിഷ്പക്ഷത പാലിക്കാനോ കൈയുംകെട്ടി നിൽക്കാനോ ഞങ്ങൾക്കാവില്ല.

● ഇത്രയുമായപ്പോൾ ഞാനിടപ്പെട്ടു: ഇറാനെതിരായുള്ള ചാരപ്പറക്കലിനിടയിൽ ഇസ്രയേൽ വിമാനങ്ങൾ തുർക്കി വ്യോമ പരിധി ലംഘിച്ചതായും അത് തുർക്കി നേതൃത്വത്തെ പ്രകോപിപ്പിച്ചതായുമുള്ള വിവരം എന്റെ പക്കലുണ്ട്. ഈ നടപടിയിലുള്ള തുർക്കിയുടെ ഈറയല്ലേ സംയുക്ത സൈനികാഭ്യാസം റദ്ദാക്കിയ തീരുമാനത്തിൽ പ്രതിഫലിക്കുന്നത്?

ഉർദുഗാന്റെ വാക്കുകൾക്ക് കൂടുതൽ ദൃഢത കൈവന്നു: ആ വിവരം ഒട്ടും ശരിയല്ല. ഇസ്രയേൽ അത്തരമൊരു നടപടിക്ക് മുതിരുന്ന പക്ഷം ആ രാജ്യത്തെ പ്രകമ്പനം കൊള്ളിക്കുന്ന തിരിച്ചടി ഞങ്ങളിൽ നിന്നുണ്ടാവും!

● ഞങ്ങളുടെ സംഭാഷണം ഇസ്രയേൽ വാണിജ്യ-വ്യവസായ മന്ത്രി ബിൻയാമീൻ ബിൻ യആസിർ ഇസ്രയേല്യരായ 20 വ്യവസായ പ്രമുഖർക്കൊപ്പം തുർക്കിയിൽ നടത്തിയ സന്ദർശനത്തിലേക്ക് കടന്നു. ബിൻ യആസിർ 1967-ലെ അറബ്-ഇസ്രയേൽ യുദ്ധത്തിൽ ഇസ്രയേൽ സൈനിക വിംഗുകളിലൊന്നിന്റെ കമാന്ററായിരുന്നുവെന്നും സൈനിക ഓഫീസർമാരും പട്ടാളക്കാരുമടങ്ങുന്ന 70 ഈജിപ്ഷ്യൻ തടവുകാരെ കൊന്നയാളുമാണെന്നും ഞാനദ്ദേഹത്തെ ഓർമിപ്പിച്ചു. അപ്പോൾ ഉർദുഗാന്റെ പ്രതികരണം:

“മന്ത്രിയെന്ന നിലക്കായിരുന്നു ബിൻ യആസിറിന്റെ സന്ദർശനം. '67-ലെയുദ്ധത്തിൽ അയാൾ ചെയ്തത് ഈജിപ്ഷ്യൻ ഗവൺമെന്റിനെ ബാധിക്കുന്ന വിഷയമാണ്. ഇസ്രയേലും തുർക്കിയും തമ്മിൽ ഒപ്പുവെച്ച കരാറുകളനുസരിച്ചായിരുന്നു സന്ദർശനം. ഈ കരാറുകളിൽ പലതും ഇസ്രയേൽ നടപ്പാക്കിയിട്ടില്ല.”

● ഈ കരാറുകളത്രയും ജസ്റ്റിസ് & ഡവലപ്മെന്റ് പാർട്ടിയുടെ ഭരണകാലത്താണോ ഒപ്പുവെച്ചത്?

“തന്റെ ഗവൺമെന്റ് കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ ഇസ്രയേലുമായി ഒ



രൊറ്റ കരാറേ ഒപ്പുവെച്ചിട്ടുള്ളൂ. പൈലറ്റില്ലാതെ പറക്കുന്ന വിമാനം വാങ്ങുന്നതുമായി ബന്ധപ്പെട്ട കരാര്‍. ആ കരാര്‍ ഇനിയും ഇസ്രയേല്‍ പാലിച്ചിട്ടില്ല. അതിനാല്‍ ഞങ്ങള്‍ വിമാനങ്ങള്‍ നിരന്തരം വാടക്കെടുക്കാന്‍ നിര്‍ബന്ധിതരായി. കാലപരിധിക്കുള്ളില്‍ കരാര്‍ പാലിക്കാത്ത പക്ഷം അത് ദുര്‍ബലപ്പെടും. ഇതല്ലാത്ത മറ്റു കരാറുകളൊക്കെ 2002-നു മുമ്പ് ഒപ്പുവെച്ചതാണ്."

● ഇറാന്‍ ദേശീയ സുരക്ഷാ ഉപദേഷ്ടാവും ആണവ സംഭാഷണത്തിനുള്ള പ്രതിനിധി സംഘത്തിന്റെ തലവനുമായ സഈദ് ജലീലി ഒരു പ്രത്യേക സന്ദേശവുമായി അങ്കാറയിലെത്തിയ വിവരം ഞാനറിഞ്ഞിരുന്നു. തുര്‍ക്കി വിദേശകാര്യമന്ത്രി ഡോ. അഹ്മദ് ദാവൂദ് ഓഗ്‌ലോ ഏതാനും ദിവസം മുമ്പ് തെഹ്റാനിലുണ്ടായിരുന്നതും മറന്നിട്ടില്ല. ഈ രണ്ട് സന്ദര്‍ശനങ്ങള്‍ക്കും ഉര്‍ദുഗാന്റെ നിര്‍ദിഷ്ട വാഷിംഗ്ടണ്‍ യാത്രയുമായി ബന്ധമുണ്ടെന്ന് ഞാന്‍ നിരീക്ഷിച്ചു. ഈ ബിന്ദുവില്‍ എന്റെ ചോദ്യം കേന്ദ്രീകരിച്ചപ്പോള്‍ ഉര്‍ദുഗാന്‍: "ഇറാന്നും തുര്‍ക്കിക്കുമിടയിലുള്ള ഈടുറ്റ ബന്ധം പുതിയ കാര്യമല്ല. 1939-ല്‍ ഒപ്പുവെച്ച ശീറീന്‍ ഉടമ്പടി മുതല്‍ ആ ബന്ധം ശക്തമാണ്. സാംസ്കാരിക, കലാരംഗങ്ങളില്‍ ഇരു രാജ്യങ്ങള്‍ക്കും പൊതുവായ ചരിത്രമുണ്ട്. ഞങ്ങള്‍ തമ്മിലുള്ള 'ആദര്‍ശ സാഹോദര്യം' അതിനു പുറമെയാണ് ('ഇസ്‌ലാമിക സാഹോദര്യം' എന്ന് അദ്ദേഹം പ്രയോഗിച്ചില്ലെന്നത് ശ്രദ്ധേയമാണ്. തീവ്ര സെക്യുലരിസ്റ്റുകള്‍ തനിക്കെതിരെ സ്വീകരിച്ചേക്കാവുന്ന നിയമനടപടി മുന്നില്‍ കണ്ടായിരിക്കാമത്).

ഉര്‍ദുഗാന്‍ തുടര്‍ന്നു: ഇറാന്‍ ബ ന്ധം തുര്‍ക്കിയുടെ ദേശീയ സുരക്ഷയുടെ പരിധിയില്‍ വരുന്ന വിഷയമാണ്. ഇറാനെ ഞങ്ങള്‍ പിന്തുണക്കുന്ന സമാധാനാവശ്യങ്ങള്‍ക്കുള്ള ആണവ പദ്ധതി ഒരു വശത്ത്. മറുവശത്ത്, അഫ്ഗാനിസ്താനിലും ഇറാഖിലും ആ രാജ്യത്തിന്റെ സജീവ സാന്നിധ്യം. ഒപ്പം പാകിസ്താന്റെയും മധ്യേഷ്യന്‍ രാജ്യങ്ങളുടെയും അയല്‍ രാജ്യമെന്ന ഇറാന്റെ പദവി. രാഷ്ട്രീയമായി ഇതെല്ലാം തുര്‍ക്കി മേഖലയാണ്. അതേ സമയം തന്നെ ഗ്യാസിന് റഷ്യ കഴിഞ്ഞാല്‍ ഞങ്ങള്‍ ആശ്രയിക്കുന്നത് ഇറാനെയാണ്. അതിനാല്‍ ഇറാന്റെ സുരക്ഷയും സ്ഥിരതയും ഞങ്ങള്‍ക്ക് പ്രധാനമാണ്. യു.എസ്സുമായും പാശ്ചാത്യരുമായുമുള്ള ഇറാന്റെ ബന്ധത്തിലുണ്ടാവുന്ന അസ്വാരസ്യം ഞങ്ങളെ അസ്വസ്ഥരാക്കുക സ്വാഭാവികം. എന്റെ വാഷിംഗ്ടണ്‍ സന്ദര്‍ശനത്തിന്റെ അജണ്ടയില്‍ ഇറാന്‍ കയറിവരുമെന്ന് തീര്‍ച്ച.

● ഇറാന്‍ സന്ദര്‍ശം കഴിഞ്ഞയുടനെ നടത്തിയ ഒരു പത്രസമ്മേളനത്തില്‍ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മേഖലയിലെ ശൂന്യത നികത്തുമെന്ന് ഉര്‍ദുഗാന്‍ പ്രസ്താവിച്ചിരുന്നു. പ്രസ്താവനക്കു വിശദീകരണം തേടവെ ഞാന്‍ പറഞ്ഞു: "മേല്‍പറഞ്ഞ ചേരിയിലേക്ക് ഈജിപ്ത് ചേരാത്തേടത്തോളം ശ്രമം അപൂര്‍ണമായി തുടരില്ലേ? ഈജിപ്ത് കൂടി ചേര്‍ന്നാല്‍ അത് മിഡിലീസ്റ്റിലെ ശാക്തിക ത്രികോണമായി പരിണമിക്കും?

ഈ അഭിപ്രായത്തോട് ഉര്‍ദുഗാന്‍ ഇങ്ങനെ പ്രതികരിച്ചു: ഇറാന്‍-തുര്‍ക്കി ധാരണ ഇരു രാജ്യങ്ങള്‍ക്ക് ചുറ്റുമുള്ള നിരവധി പ്രശ്നങ്ങള്‍ പരിഹരിക്കുന്നതില്‍ ഏറെ

വിജയിച്ചിട്ടുണ്ട്. മേഖലയിൽ ഇന്നേറ്റവും സ്വാധീനം ഈ രാജ്യങ്ങൾക്കാണ്. ഞങ്ങൾക്കിടയിൽ ഇപ്പോൾ വർഷം തോറും പത്ത് ബില്യൻ ഡോളറിന്റെ വാണിജ്യ ഇടപാടുണ്ട്. അടുത്തുതന്നെ അത് 20 ബില്യൻ ഡോളറിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. മിഡിലീസ്റ്റിൽ മികച്ച റോൾ നിർവഹിക്കാനാവുമെന്ന നിലയിലാണ് ഇരു രാജ്യങ്ങളുമെന്നർഥം. അങ്ങോട്ടുമിങ്ങോട്ടും ആഭ്യന്തര കാര്യങ്ങളിലിടപെടരുതെന്ന് മാത്രം.

ഈജിപ്തിനെ സംബന്ധിച്ചേടത്തോളം ഏറ്റവും ശക്തമായ അറബ് രാജ്യമെന്ന നിലയിൽ അതിന്റെ റോൾ അവഗണിക്കാനാവില്ല. ഞങ്ങൾക്കിടയിൽ നല്ല ധാരണ നിലനിൽക്കുന്നു. ഗസ്സക്കെതിരെ നടന്ന ഇസ്രയേൽ ആക്രമണം അവസാനിപ്പിക്കുന്നതിൽ ആ ധാരണക്ക് നല്ല പങ്കുണ്ട്. തുർക്കി-ഈജിപ്ത് സാമ്പത്തിക സഹകരണം മികച്ച നിലയിലാണ്.

● ഇത്രയും പറഞ്ഞ ശേഷം ഉർദുഗാൻ അറബ്-അറബ് ഭിന്നിപ്പിലേക്കു നീങ്ങി. തന്റെ ഒടുവിലത്തെ ലിബിയൻ സന്ദർശനത്തിനിടയിൽ ഭിന്നിപ്പ് ഏറെ രൂക്ഷമായതായി ബോധ്യപ്പെട്ടുവെന്നും പ്രബല അറബ് രാജ്യങ്ങൾ ഉണർന്നു പ്രവർത്തിച്ചാലേ പ്രതിസന്ധി തീരൂവെന്നും അദ്ദേഹം സൂചിപ്പിച്ചു.

സിറിയ, ജോർദാൻ, ലിബിയ, അൽബേനിയ തുടങ്ങിയ രാജ്യങ്ങളുമായി പരസ്പരം പ്രവേശന വിസ എടുത്തുകളഞ്ഞുകൊണ്ടുള്ള കരാറിൽ തുർക്കി ഒപ്പുവെച്ച സ്ഥിതിക്ക് അടുത്ത കാൽവെപ്പ്?

ഉർദുഗാൻ: അയൽരാജ്യങ്ങളുമായി സംവദിക്കാനാവാതെ പതിറ്റാണ്ടുകൾ തുർക്കി തള്ളിനീക്കി. ഇന്ന് സ്ഥിതി 180 ഡിഗ്രി മാറിയിരിക്കുന്നു. എല്ലാവരിലേക്കും തുർക്കി സൗഹൃദ ഹസ്തം നീട്ടി. അയൽക്കാരുമായി പരിഹരിക്കാതെ കിടന്നിരുന്ന പ്രശ്നങ്ങളെല്ലാം പരിഹരിച്ചു. യൂറോപ്പിൽ സംഭവിച്ചതുപോലെ, ഒരൊറ്റ വിസകൊണ്ട് എല്ലാ അറബ് രാജ്യങ്ങളിലും പോകാൻ കഴിയുന്ന ദിനം പുലരണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

● 'നവ ഉസ്മാനീയുഗ'ത്തിന്റെ പിറവി അടയാളപ്പെടുത്തുന്നുണ്ടോ താങ്കളുടെ ഈ പുതിയ സമീപനവും നയവും?

ഉർദുഗാൻ: ഈ സംജ്ഞ സുബദ്ധമല്ല. അതിന്റെ പ്രയോഗം എനിക്ക് നന്നായി തോന്നുന്നുമില്ല. ഭൂതകാലത്തെ അവഹേളിക്കുന്ന മട്ടിലാണത്. കഴിഞ്ഞുപോയതും പുനരുജ്ജീവിപ്പിക്കാൻ കഴിയാത്തതുമായ ഒരു കാലഘട്ടത്തിന്റെ സ്മൃതിയുണർത്തുന്ന, തെറ്റിദ്ധാരണജനകമായ പ്രയോഗം! ആ കാലഘട്ടത്തിൽനിന്ന് ഗുണപാഠമുൾക്കൊള്ളാവുന്നതാണെന്ന വസ്തുത നിഷേധിക്കുന്നില്ല. ജനങ്ങളുടെ വികാരമിളക്കുന്ന 'റൊമാന്റിക് ഭാവി'ക്കു വേണ്ടിയല്ല നമ്മുടെ ശ്രമം. മറിച്ച്, കഴിയുന്നത്ര സാമ്പത്തിക-വാണിജ്യ സഹകരണം സാധ്യമാക്കുന്നതിനാണ്. കാരണം താൽപര്യങ്ങളുടെ സന്തുലിതമായ കൈമാറ്റം ജനങ്ങൾ തമ്മിലുള്ള സമാധാനപൂർണമായ സഹവർത്തിത്വത്തിന്റെയും സഹജീവനത്തിന്റെയും വാതിൽ തുറക്കും. ഈ നയമത്രെ ആഗോള സാമ്പത്തിക മാന്ദ്യത്തെ പരിക്കില്ലാതെ മറികടക്കാൻ തുർക്കിയെ പ്രാപ്തമാക്കിയത്. അതായത് ഇടപാടുകൾക്ക് ഒറ്റകക്ഷിയെ മാത്രം ആശ്രയിക്കുന്നതിനു പകരം വിവിധ രാജ്യങ്ങളിൽ വിശാലമായ വൃത്തത്തിൽ കർമരംഗം വിഭജിക്കുകയും വികസിപ്പിക്കുകയും ചെയ്തു. അതുവഴി വിപണികൾക്ക് വൈവിധ്യവും വൈപുല്യവും കൈവന്നു. അത് സാമ്പത്തിക സ്രോതസ്സുകളുടെ നാനാത്വത്തിലേക്ക് നയിച്ചു.

● കൂടിക്കാഴ്ചയിൽ ഉന്നയിക്കാനാഗ്രഹിക്കുന്ന ശീർഷകങ്ങളുടെ ലിസ്റ്റ് നേരത്തെ ഉർദുഗാന്റെ ഓഫീസിലേക്കു ഞാൻ അയച്ചുകൊടുത്തിരുന്നു. കൂട്ടത്തിൽ അദ്ദേ

ഹത്തിന്റെ ഗവൺമെന്റും സൈന്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച ശീർഷകം ഞാൻ വലിച്ചിട്ടു. കഴിഞ്ഞ നൂറ്റാണ്ടിലെ ഇരുപതുകളിൽ ഇസ്‌ലാമിക ഖിലാഫത്തിനെ ഉന്മൂലനം ചെയ്ത് കമാലിസ്റ്റുകൾ അധികാരമേറ്റതുമുതൽ സൈന്യത്തിനാണല്ലോ തുർക്കിയിലെപ്പോഴും മേൽക്കൈ. 'അർഗൺകോൺ' എന്ന രഹസ്യ സംഘടനയുമായി സൈനിക നേതൃത്വത്തിലുള്ള ചിലർക്ക് ഇടപാടുകളുണ്ടെന്ന വിവരം പുറത്തുവന്നതിനെത്തുടർന്ന് ഗവൺമെന്റ്-സൈനിക ബന്ധം ഉലഞ്ഞിരുന്നു. രാജ്യത്ത് നടന്ന പല കൊലപാതകങ്ങളുടെയും അരാജകവൃത്തികളുടെയും പിന്നിൽ പ്രവർത്തിച്ചത് മേൽപ്പറഞ്ഞ രഹസ്യ സംഘടനയായിരുന്നു. ജസ്റ്റിസ് പാർട്ടി ഗവൺമെന്റിനെ വീഴ്ത്താൻ ലക്ഷ്യമിട്ടുള്ള നിരവധി പ്രകടനങ്ങൾക്കും കൊലപാതക ശൃംഖലക്കും സംഘടന പദ്ധതിയിട്ടതായി തെളിയിക്കുന്ന രേഖകൾ ഈയിടെ പിടിച്ചെടുക്കുകയുണ്ടായി.

'അർഗൺകോൺ' രഹസ്യ സംഘടനയെ കുറിച്ച ചോദ്യത്തിലേക്ക് കടന്നപ്പോൾ ഉർദുഗാൻ പറഞ്ഞു: "വിഷയം കോടതിയുടെ മുമ്പിലാണ്. തദ്സംബന്ധമായി പ്രതികരിക്കാൻ നിയമ തടസ്സമുണ്ട്."

● വിഷയത്തെ ചുറ്റിപ്പറ്റി നിൽക്കാൻ ഞാൻ വൃഥാ ശ്രമം നടത്തി. "താങ്കളെത്ര വധശ്രമങ്ങൾക്കിരയായി?" (ഒരു ശ്രമം കഴിഞ്ഞ മാസം നടന്നിട്ടുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നു).

ഉർദുഗാൻ: അറിയാത്തവയുടെ എണ്ണം അറിഞ്ഞതിനേക്കാൾ എത്രയോ അധികമാണ്. അറിഞ്ഞവയുടെ എണ്ണമാണെങ്കിൽ ഓർമയുമില്ല.

● ഞാൻ വിഷയം മാറ്റി. യൂറോപ്യൻ യൂനിയനിൽ ചേരുന്ന കാര്യത്തിൽ ശുഭാപ്തിവിശ്വാസമുണ്ടോയെന്നു ഞാൻ ചോദിച്ചു. യൂറോപ്പിൽ തുർക്കി വിരുദ്ധ ശക്തികൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ പ്രത്യേകിച്ചും.

ഉർദുഗാൻ: കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ (ഉർദുഗാന്റെ ഭരണകാലം) തദ്സംബന്ധമായി ഒട്ടേറെ വിപരീത സ്വരങ്ങൾ ഞങ്ങൾ കേട്ടിട്ടുണ്ട്. പക്ഷേ അത് രാഷ്ട്രീയ നവീകരണ ശ്രമങ്ങളുടെ ഗതിവേഗം കുറക്കാൻ കാരണമായിട്ടില്ല. എങ്കിലും പരമാവധി ഇങ്ങനെ പറയാം: 'ശുഭാപ്തിവിശ്വാസിയാണ്; സൂക്ഷ്മതയോടെ.'

● എനിക്കനുവദിച്ച 90 മിനിറ്റ് കഴിഞ്ഞിരുന്നു. പാഷ്ബകാന്റെ സഹായികൾ തൊട്ടടുത്ത മുറിയിൽ കാത്തിരുപ്പുണ്ട്. വാഷിംഗ്ടൺ യാത്രയുടെ അജണ്ട തയാറാക്കാൻ ധൃതിയുണ്ടവർക്ക്. ഉർദുഗാൻ വാച്ച് നോക്കുന്നതായും ഞാൻ കണ്ടു. പിന്നെ വൈകിയില്ല. ഞാനെന്റെ കടലാസ്സുകൾ ചുരുട്ടി. ശേഷിക്കുന്ന ചോദ്യങ്ങൾ മൂന്നാം കൂടിക്കാഴ്ചയിലേക്ക് മാറ്റിവെച്ചു. അതിന് 2012നപ്പുറം കാത്തിരിക്കേണ്ടിവരില്ലെന്നാണ് പ്രതീക്ഷ. തുർക്കി റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് സ്ഥാനാർഥിയായി ഉർദുഗാൻ രംഗത്തുവരുന്ന സന്ദർഭമായിരിക്കുമത്. അങ്കാറയിൽ പ്രചുര പ്രചാരം നേടിയ രഹസ്യ വിവരം! ■

**വിവ: ഹുസൈൻ കടന്നമണ്ണ**